സംഘം രജിസ്ട്രേഷൻ നൽകാൻ പാടില്ലെന്ന് മുകളിൽനിന്നും നിർദ്ദേശിച്ചിട്ടുണ്ട് എന്നാണ് പറഞ്ഞത്. എവിടെന്നാണ് എന്ന് ചോദിച്ചപ്പോൾ അദ്ദേഹം ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. ഇതിനൊരു മാറ്റം ഉണ്ടാകണം. നമ്മുടെ സംസ്ഥാനത്ത് നിയമപരമായി സംഘങ്ങൾ രജിസ്റ്റർ ചെയ്യാനും അഫിലിയേഷനുമുള്ള വ്യവസ്ഥകൾ നിലനിൽക്കുമ്പോൾ ഏകപക്ഷീയമായി ചില സംഘങ്ങൾക്കുമാത്രം രജിസ്ട്രേഷൻ കൊടുക്കുന്ന നടപടി അവസാനിപ്പിക്കണം. ഞങ്ങളുടെ സംഘങ്ങൾക്ക് രജിസ്ട്രേഷൻ നൽകാൻ ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറഞ്ഞിട്ടുള്ള ഉറപ്പ് പാലിക്കപ്പെടണം. അങ്ങനെ പാലിക്കാത്ത സാഹചര്യം ഉണ്ടായാൽ മത്സ്യഫെഡിനു മുമ്പിൽ വരുന്ന 5-ാം തീയതി മുതൽ പ്രത്യക്ഷ സമര പരിപാടികൾ ആരംഭിക്കാൻ നിർബന്ധിതരായിത്തീരുമെന്നുകൂടി ഈ അവസരത്തിൽ ബഹു. മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : മത്സ്യഫെഡിൽ അഫിലിയേഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ള പ്രാഥമിക സഹകരണസംഘങ്ങൾക്ക് അഫിലിയേഷൻ നൽകുന്ന കാര്യം 30.1.1999-ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗത്തിലും 3.6.1999-ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗത്തിലും ചർച്ച ചെയ്തിരുന്നു. അപേക്ഷകരായ സംഘങ്ങൾ സമർപ്പിച്ച അപേക്ഷകളിലെ ന്യൂനതകൾ പരിഹരിച്ച് ആവശ്യമായ ഫീസ് സഹിതം സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ സഹകരണസംഘങ്ങൾക്കും ഈ മാസം 3-ാം തീയതി കൂടിയ ഡയറക്ടർ ബോർഡ് യോഗത്തിൽ തീരുമാനം എടുത്ത് നൽകിയിട്ടുണ്ട്. ഇതേവരെ 49 അപേക്ഷകൾ ന്യൂനതകൾ പരിഹരിച്ച് മത്സ്യഫെഡിനെ തിരികെ ഏൽപ്പിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് അപേക്ഷകർക്ക് അഫിലിയേഷൻ നൽകാൻ മത്സ്യഫെഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മത്സ്യഫെഡ് ഒരു സഹകരണ സംഘത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ബോർഡാണ്. എന്നാൽ ഗവൺമെന്റിന്റെ മുമ്പിൽ വരുന്ന കാര്യങ്ങൾ ആ ബോർഡ് നടപ്പിൽ വരുത്തണമെന്ന് പറഞ്ഞ് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ആവശ്യപ്പെടുകയാണ് ഗവൺമെന്റിന് ചെയ്യാനുള്ളത്. ആ കാര്യം ഗവൺമെന്റ് നിർവ്വഹിച്ചിട്ടുണ്ട്. സമരം നടത്തുന്നത് തീരുമാനിക്കുന്നത് ആളുകളുടെ അവകാശമാണ്. പക്ഷേ സമരം നടത്താതെ ഇത്തരം കാര്യങ്ങൾ നിയമസഭയിൽ പറഞ്ഞാൽ ഗവൺമെന്റിന് ശ്രദ്ധിക്കാൻ കഴിയും. പിന്നെ എന്തിനാണ് സമരമെന്ന് എനിക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്.

(4) മലപ്പുറം ജില്ലയിലെ വൈദ്യുതിതടസ്സവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കണമെന്ന ആവശ്യം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണം നിരന്തരമായി തടസ്സപ്പെട്ടുകൊണ്ടിരിക്കുകയാണ്. വോൾട്ടേജ് ക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്നു. ഓരോ ദിവസം കഴിയുന്തോറും സ്ഥിതിഗതികൾ വഷളായിക്കൊണ്ടിരിക്കുകയാണ്. അടിയന്തിര നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പല തവണ ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. ഇനിയെങ്കിലും നടപടിയുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : വൈദ്യുതി ബോർഡിന്റെ പ്രസരണ വിതരണ മേഖലയിൽ സിസ്റ്റത്തിന്റെ അപര്യാപ്തത ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ജില്ല എന്നുള്ള നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

നോക്കുമ്പോൾ ബഹു. ശ്രീ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞതുപോലെ മലപ്പുറം ജില്ലയിൽ സിസ്റ്റത്തിന്റെ അപര്യാപ്തത ഉണ്ടെന്നുള്ള കാര്യം ഗവണ്മെന്റിന്റെ പരിശോധനയിൽ മനസ്സിലായിട്ടുണ്ട്. മലപ്പുറം ജില്ലയിലെ വൈദ്യുതിവിതരണത്തിൽ ഉണ്ടാകുന്ന തടസ്സങ്ങൾക്കും വോൾട്ടേജ് ക്ഷാമത്തിനും പ്രധാന കാരണം നിലവിലുള്ള പ്രസരണ മേഖലകളുടേയും സബ്സ്റ്റേഷനുകളുടേയും ഓവർലോഡാണ്. ഇത് പരിഹരിക്കുന്നതിന് ഒരു ബൃഹത്തായ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 18 പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിച്ചും 4 സബ്സ്റ്റേഷനുകൾ 110 കെ.വി. ആക്കി ഉയർത്തിയും ലൈൻ ശേഷി വർദ്ധിപ്പിച്ചും മലപ്പുറത്തെ വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള സത്വര നടപടികൾ ബോർഡ് സ്വീകരിച്ചു വരുകയാണ്. പൊന്നാനി, ചേളാരി, പരപ്പനങ്ങാടി കുറ്റിപ്പുറം, മേലാറ്റൂർ എന്നീ 110 കെ.വി. സബ്സ്റ്റേഷനുകൾ കൂടാതെ മലപ്പുറത്ത് 220 കെ.വി. സബ്സ്റ്റേഷൻ, എടക്കര 66 കെ.വി സബ്സ്റ്റേഷൻ. ഇവ സമയബന്ധിതമായി ചെയ്തുതീർക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. കനേഡിയൻ അന്താരാഷ്ട്ര വികസന ഏജൻസിയുടെ സാമ്പത്തിക സഹായത്തോടെ മലപ്പുറം, എടരിക്കോട്, തിരൂർ, ഷൊർണ്ണൂർ, കൂറ്റനാട്, എടപ്പാൾ എന്നീ 66 കെ.വി. ലൈനുകളും അനുബന്ധ 66 കെ.വി. സബ്സ്റ്റേഷനുകളായ എടരിക്കോട്, തിരൂർ, എടപ്പാൾ, കൂറ്റനാട്, എന്നിവയും 110 കെ.വി. ആക്കുവാൻ ലക്ഷ്യമിട്ട് പണി നടന്നുവരുകയാണ്. എടപ്പാൾ സബ്സ്റ്റേഷനിൽനിന്നും തിരൂർ സബ്സ്റ്റേഷനിലേക്ക് ഒരു 110 കെ.വി. പ്രസരണ ലൈൻ നിർമ്മാണവും പുരോഗമിച്ചുവരുന്നുണ്ട്. അരീക്കോട് 220 കെ.വി. സബ്സ്റ്റേഷനിൽ നിന്നും കീഴിശ്ശേരി സബ്സ്റ്റേഷൻ വഴി എടരിക്കോട് സബ്സ്റ്റേഷനിലേക്ക് 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ നിർമ്മാണവും നടന്നുവരുന്നുണ്ട്. ഇതിനുപുറമെ വള്ളുവമ്പ്രം, എടവണ്ണ, പുലാമന്തോൾ, ചക്കരപ്പറമ്പ്, പുന്നയൂർക്കുളം, തിരുനാവായ, തൃക്കണ്ണാപുരം, താഴെക്കാട്, വണ്ടൂർ, ചേളാരി, എന്നീ കേന്ദ്രങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ തിരൂരങ്ങാടിയിലെ കക്കാട് 66 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ട്. വിതരണരംഗത്തും വിവിധ വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഈ ജോലികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശിക്കുന്നുണ്ട്. ഇവ പൂർത്തിയാക്കുന്നതോടുകൂടി മലപ്പുറം ജില്ലയിലെ വോൾട്ടേജ് ക്ഷാമത്തിനും വൈദ്യുതി തകരാറിനും ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്.

(5) കടൽത്തീര സംരക്ഷണത്തിനാവശ്യമായ കടൽഭിത്തി നിർമ്മാണം

<u>ശ്രീ. പി. വിശ്വൻ</u> : കാലവർഷം ശക്തിപ്പെടുന്നതോടുകൂടി എന്റെ മണ്ഡലത്തിന്റെ 38 കിലോമീറ്റർ ദൂരത്ത് കടലാക്രമണം ശക്തിപ്പെട്ടിരിക്കുകയാണ്. ഈ വിഷയം രാവിലെ ചോദ്യോത്തരസമയത്ത് മന്ത്രി കുറെ വിശദീകരിച്ചിട്ടുണ്ട്. ഞാനിവിടെ പറയാൻ ആഗ്രഹിക്കുന്നത് കടൽഭിത്തി കെട്ടുകയെന്നതു മാത്രമേ ഇതിന് പോംവഴിയുള്ളൂ. കടൽത്തൊഴിലാളികൾ ഉത്കണ്ഠയിലാണ്. 38 കിലോമീറ്റർ വരുന്ന എന്റെ കടലോരത്ത് വാസ്കോഡിഗാമ വന്നെത്തിയ കാപ്പാട് മുതൽ കുഞ്ഞാലിമരയ്ക്കാരുടെ കോട്ടയ്ക്കൽ വരെയുള്ള പ്രദേശത്ത് കുറെ മേഖലകളിൽ കടൽഭിത്തി കെട്ടിയിട്ടുണ്ട്. കുറെ മേഖലയിൽ കടൽഭിത്തിയില്ല. കടൽഭിത്തിയില്ലാത്ത ഗ്യാപ്പിലൂടെ കടൽ അടിച്ചു കയറിയിട്ട് മൈലുകളോളം കര എടുത്തുകഴിഞ്ഞിരിക്കുകയാണ്. ആയിരക്കണ

LIBRARY ARCHIVES Kerala Legislative Assembly